ഉത്തരം

(എ) ലഭ്യമാണ്. എന്നാൽ കേരളത്തിൽ ഇത്തരം യന്ത്രങ്ങൾ നിർമ്മിക്കുന്ന കമ്പനികൾ ഉള്ളതായി അറിവില്ല.

(ബി) സീമെൻസ് വി. ഡി. ഒ. ആട്ടോമെറ്റീവ് ലിമിറ്റഡ്, ചെന്നൈ എന്ന കമ്പനിയും, പ്രീമിയർ ഇൻസ്ട്രമെൻസ് ആന്റ് കൺട്രോൾ ലിമിറ്റഡ്, കോയമ്പത്തൂർ എന്ന കമ്പനിയും ഇത്തരം ഉപകരണം നിർമ്മിക്കുന്നതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്.

(സി) സീമെൻസ് വി. ഡി. ഒ. എന്ന കമ്പനി നിർമ്മിക്കുന്ന ഉപകരണത്തിന് 23,879.38 രൂപ (24 വോൾട്ട്), 24,947 രൂപ (12 വോൾട്ട്) വിലയുള്ളതായും പ്രീമിയർ ഇൻസ്ട്രമെൻസ് കമ്പനി നിർമ്മിക്കുന്ന ഉപകരണത്തിന് ഇവ യഥാക്രമം 16,810 രൂപയും, 18,054 രൂപയും വിലവരുമെന്ന് കമ്പനികൾ അറിയിച്ചിട്ടുണ്ട്.

(ഡി) ഒരു കമ്പനി സംസ്ഥാനത്തിന് പുറത്ത് ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) ഇക്കാര്യത്തിൽ ഇതുവരെ തീരുമാനമൊന്നും എടുത്തിട്ടില്ല.

അനുമതി ഇല്ലാതെ ചുവന്ന ലൈറ്റ് ഉപയോഗിക്കുന്ന ഉദ്യോഗസ്ഥർ

101 [3506] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം സർക്കാർ ഉദ്യോഗസ്ഥൻമാർക്കാണ് അവരുടെ ഔദ്യോഗിക വാഹനങ്ങളിൽ ചുവന്ന ലൈറ്റ് ഉപയോഗിക്കുന്നതിനുള്ള അനുമതി നൽകിയിരിക്കുന്നത്;

(ബി) ഇപ്രകാരം അനുമതി ഇല്ലാത്ത ഉദ്യോഗസ്ഥൻമാർ ഔദ്യോഗിക വാഹനത്തിൽ പ്രസ്തുത ലൈറ്റ് ഉപയോഗിച്ച് സഞ്ചരിക്കുന്നത് തടയാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 1. കേരളാ ഗവർണ്ണർ
2. കേരളാ മുഖ്യമന്ത്രി
3. കേരളാ നിയമസഭാ സ്പീക്കർ
4. കേരളാ ഹൈക്കോടതി ചീഫ് ജസ്റ്റീസ്
5. കേരളാ മന്ത്രിമാർ
6. കേരള നിയമസഭാ പ്രതിപക്ഷ നേതാവ്
7. കേരളാ ഗവൺമെന്റ് ചീഫ് വിപ്പ്
8. കേരളാ ഹൈക്കോടതി ജഡ്ജിമാർ
9. കേരള നിയമസഭാ ഡെപ്യൂട്ടി സ്പീക്കർ

LIBRARY ARCHIVES Kerala Legislative Assembly

10. കേരള സംസ്ഥാന ചീഫ് സെക്രട്ടറി
11. കേരള സംസ്ഥാന ലോകായുക്ത
12. കേരള ഉപ ലോകായുക്ത
13. കേന്ദ്ര അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ വൈസ് ചെയർമാൻ
14. കേരളാ സംസ്ഥാന അഡ്വക്കേറ്റ് ജനറൽ
15. കേരള സംസ്ഥാന മുനിസിപ്പൽ കോർപ്പറേഷൻ മേയർമാർ.

(ബി) നടപടികൾ സ്വീകരിക്കുന്നതാണ്.

സ്വകാര്യ സിറ്റി സർവ്വീസ് ബസ്സുകളുടെ അമിത വേഗത നിയന്ത്രിക്കാൻ നടപടി

102 [3507] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ബസ്സുകൾക്ക് നഗരാതിർത്തികൾക്കുള്ളിൽ നിശ്ചയിച്ചിട്ടുള്ള വേഗത പരിധി എത്രയാണ്;

(ബി) ഈ പരിധി സ്വകാര്യ സിറ്റി സർവ്വീസ് ബസ്സുകൾ പാലിക്കാറില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അമിത വേഗതയിൽ ബസ് ഓടിക്കുന്ന സ്വകാര്യ ബസ് ഡ്രൈവർമാർക്കെതിരെ കർശന നടപടി സ്വീകരിക്കുവാൻ സർക്കാർ തയ്യാറാകുമോ?

ഉത്തരം

(എ) സ്വകാര്യ ബസ്സുകൾക്ക് മാത്രമായി നഗരാതിർത്തിക്കുള്ളിൽ വേഗത പരിധി നിശ്ചയിച്ചിട്ടില്ല. എല്ലാ മീഡിയം/ഹെവി/പാസഞ്ചർ വാഹനങ്ങൾക്ക് (കെ. എസ്. ആർ. ടി. സി. ഉൾപ്പെടെ) നഗരാതിർത്തിക്കുള്ളിൽ വേഗത പരിധി മണിക്കൂറിൽ 35 കി. മീറ്ററായി നിശ്ചയിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി, സി) ഉണ്ട്. അമിത വേഗതയിൽ ഓടുന്ന വാഹനങ്ങൾക്ക് എതിരെ നടപടിയെടുക്കുന്നുണ്ട്.

എല്ലാ താലൂക്ക് ആസ്ഥാനങ്ങളിലും മോട്ടോർ വെഹിക്കിൾസ് ഓഫീസ്

103 [3508] ശ്രീ. തോമസ് ഉണ്ണിയാടൻ:
" ജോസഫ് എം. പുതുശ്ശേരി:
" സ്റ്റീഫൻ ജോർജ്:
" മാണി മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാ താലൂക്ക് ആസ്ഥാനങ്ങളിലും മോട്ടോർ വെഹിക്കിൾസ് വകുപ്പിന്റെ ഓഫീസ് പ്രവർത്തിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly